(ബി ആന്റ് സി) 200 കോടി രൂപ വൈദ്യുതി ബോർഡിന് നൽകി. 300 കോടിയോളം രൂപ ടി. പി. അക്കൗണ്ടുകൾ നിർത്തലാക്കിയതു പ്രകാരമുള്ള അഡ്ജസ്റ്റ്മെന്റ് നടത്തി, 25 കോടി രൂപ അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിക്കുന്നതിന് വിനിയോഗിച്ചു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്ക് 50 കോടി രൂപ നൽകി.

(ഡി) 125 മില്യൻ ഡോളർ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

എ. ഡി. ബി. വായ്പയും വിദേശ വായ്പകളും

16 [299] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം വിദേശ ഏജൻസികളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട് എന്നും ഓരോ ഏജൻസികളിൽ നിന്നും എടുത്ത വായ്പ എത്ര തുകയെന്നും വെളിപ്പെടുത്താമോ;

(ബി) എ. ഡി. ബി. വായ്പയുടെ എത്ര ഗഡുകൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്; ഓരോ ഗഡുവും എത്ര തുകയാണെന്നും ഏതെല്ലാം ആവശ്യത്തിലേക്കാണ് ലഭിച്ചതെന്നും വിശദവിവരം ലഭ്യമാക്കാമോ;

(സി) എ. ഡി. ബി. വായ്പ ലഭ്യമാക്കുന്നതിന്റെ ഭാഗമായിട്ടാണോ സംസ്ഥാന സർക്കാർ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇനി എത്ര ഗഡു വായ്പയാണ് ലഭിക്കാനുള്ളത് എന്നും ഓരോ ഗഡുവും എന്താവശ്യത്തിനാണെന്നും എത്ര തുകയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എ. ഡി. ബി., ലോക ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് മൊത്തം 1012.96 കോടി രൂപ കേന്ദ്ര സർക്കാർ മുഖേന ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നാം ഗഡുവായി 125 മില്യൻ ഡോളർ (601.30 കോടി രൂപ) കേന്ദ്ര സർക്കാർ വഴി ലഭിച്ചിട്ടുണ്ട്. ഭരണ നവീകരണ പരിപാടികൾക്കും സാമ്പത്തിക പരിഷ്കരണ നടപടികൾക്കുമാണ് ഇത് ചെലവഴിക്കുന്നത്.

(സി) അല്ല.

(ഡി) രണ്ടാം ഗഡുവായി 125 മില്യൻ ഡോളർ കൂടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതും ഭരണ നവീകരണത്തിനും സാമ്പത്തിക പരിഷ്കരണത്തിനും വേണ്ടിയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly